ഫത്‌വ

ഡോ. റജബ് അബൂമുലൈഹ്

# പന്നിപ്പനിക്ക് പരിഹാരമെന്ത്?

**ചോദ്യം: പന്നിപ്പനി ജനങ്ങൾക്കിടയിൽ വലിയ ഭീതി പരത്തിയ സന്ദർഭമാണല്ലോ. ഇക്കാര്യത്തിൽ ശരീഅത്തിന്റെ വീക്ഷണം എന്താണ്? ഭരണകൂടത്തിനും ജനങ്ങൾക്കും ഇക്കാര്യത്തിൽ എന്താണ് ചെയ്യാനുള്ളത്?**

**പന്നിയിൽ ഈ രോഗാണു ഉണ്ടാവട്ടെ, ഇല്ലാതിരിക്കട്ടെ അതിനെ കൊല്ലുകയാണ് വേണ്ടത്. കാരണം ഭാവിയിൽ അതിന് രോഗം പിടിപെടാൻ സാധ്യതയുണ്ട്. അത് പകർച്ച വ്യാധിയാണ്. അതിന് ഇതുവരെ ചികിത്സ കണ്ടെത്തിയിട്ടില്ല. മനുഷ്യജീവൻ രക്ഷിക്കാൻ വേണ്ടിയാണല്ലോ പന്നിയെ കൊല്ലുന്നത്. ജീവൻ രക്ഷിക്കുക എന്നത് ശരീഅത്തിന്റെ മഹത്തായ ലക്ഷ്യങ്ങളിൽ പെട്ടതാണ്.**

ഉത്തരം: പന്നിപ്പനി ജനങ്ങളിൽ വലിയ ഭീതി സൃഷ്ടിച്ചിരിക്കുകയാണ്. ഇക്കാലത്തെ മനുഷ്യർക്ക് വന്നുപെട്ട വലിയ വിപത്താണത്. മനുഷ്യൻ തനിക്ക് എല്ലാം സാധിക്കുമെന്ന് ധരിച്ചിരിക്കുകയായിരുന്നു. നവീന ശാസ്ത്രത്തിന്റെ സഹായത്തോടെ രോഗം, ദാരിദ്ര്യം, കാലാവസ്ഥ എന്നിവയെല്ലാം തനിക്ക് നിയന്ത്രിക്കാൻ സാധിക്കുമെന്ന് ധരിച്ചിരിക്കുകയായിരുന്നു അവൻ.

ചിലപ്പോൾ കൊടുങ്കാറ്റും വെള്ളപ്പൊക്കവും ഒക്കെ ഉണ്ടാകുന്നു. മനുഷ്യന് അത് തടുക്കാൻ കഴിയുകയില്ല. അപ്പോൾ -ദൈവിക നിശ്ചയപ്രകാരം- അത് എല്ലാം നശിപ്പിച്ച് മുന്നേറുന്നത് നോക്കി നിൽക്കാനേ മനുഷ്യന് കഴിയൂ. ലോകത്തെ ഏറ്റവും വലിയ സാമ്പത്തിക ശക്തികൾക്കോ അധികാരശക്തികൾക്കോ പോലും ഒന്നും ചെയ്യാൻ കഴിയുകയില്ല. മറ്റു ചിലപ്പോൾ രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി ഉണ്ടാകുന്നു. അപ്പോൾ കൃത്യമായി അതിന്റെ കാരണങ്ങൾ കണ്ടുപിടിക്കാനോ അതിന് പരിഹാരം നിർദേശിക്കാനോ കഴിയുന്നില്ല.

മറ്റുചിലപ്പോൾ പന്നിപ്പനി പോലെയുള്ള മാരകരോഗങ്ങളായിരിക്കും വരിക. ഇത്തരം ആപത്തുകൾ അവസാനത്തെതായിരിക്കട്ടെ എന്ന് നമുക്ക് പ്രാർഥിക്കാം.

ഇവിടെ ഉന്നയിക്കപ്പെട്ട ചോദ്യം, ഇത്തരം വിപത്തുകൾ ഉണ്ടാകുമ്പോൾ വ്യക്തികളും സമൂഹവും സന്നദ്ധസംഘടനകളും ഭരണകൂടങ്ങളും എന്ത് ചെയ്യണം എന്നതിനെക്കുറിച്ചാണ്.

നമുക്ക് പറയാനുള്ളത് ഇതാണ്. ഇതൊരു കൂട്ടുത്തരവാദിത്വമുള്ള കാര്യമാണ്. ഓരോ വ്യക്തിയും തന്റെ ഉത്തരവാദിത്വം നിർവഹിക്കണം. സമൂഹത്തിന് ഒരു ഉത്തരവാദിത്വമുണ്ട്. ഭരണകൂടത്തിന് അത് സ്വന്തം നിർവഹിക്കാൻ കഴിയുകയില്ല. അതേപോലെത്തന്നെ ഭരണകൂടത്തിന് ഉത്തരവാദിത്വമുണ്ട്. അത് വ്യക്തികൾക്ക് ചെയ്യാൻ കഴിയുകയില്ല. വ്യക്തികൾക്കും വലിയ ഉത്തരവാദിത്വമുണ്ട്. അത് അവഗണിക്കാൻ പറ്റുകയില്ല. "ഓരോ മനുഷ്യനും മേൽനോട്ടക്കാരനാണ്. തന്റെ മേൽനോട്ടത്തിലുള്ളവരെക്കുറിച്ച് അവർ ചോദ്യം ചെയ്യപ്പെടും."

ഇത് സംബന്ധമായ കർമശാസ്ത്ര നിയമങ്ങൾ ചുരുക്കി വിവരിക്കുന്നു.

ഒന്ന്: *പന്നിയെ കൊല്ലുക.*

അതിന് രോഗം വരട്ടെ, രോഗം വരുമെന്ന് ആശങ്കയുണ്ടായിരിക്കട്ടെ ഏതായാലും ശരി. ഉപദ്രവമുണ്ടാകുന്ന കാര്യങ്ങൾ ഒഴിവാക്കണം. 'ഉപദ്രവം ഏൽപിക്കാനോ ഏൽക്കാനോ പാടില്ല' എന്നതാണ് ഇസ്‌ലാമിന്റെ തത്ത്വം. സ്വയം നാശത്തിൽ പെടുന്നത് അല്ലാഹു വിലക്കിയിട്ടുണ്ട്. "നിങ്ങൾ നിങ്ങളുടെ കൈകളാൽ നിങ്ങളെത്തന്നെ നാശത്തിൽ അകപ്പെടുത്തരുത്" (*അൽബഖറ* 195). ഇസ്‌ലാം ആത്മഹത്യ വിലക്കുകയുണ്ടായി. "നിങ്ങൾ നിങ്ങളെത്തന്നെ കൊലപ്പെടുത്തരുത്" (*അന്നിസാഅ്* 29).

അപ്പോൾ പന്നിയിൽ ഈ രോഗാണു ഉണ്ടാവട്ടെ, ഇല്ലാതിരിക്കട്ടെ അതിനെ കൊല്ലുകയാണ് വേണ്ടത്. കാരണം ഭാവിയിൽ അതിന് രോഗം പിടിപെടാൻ സാധ്യതയുണ്ട്. അത് പകർച്ച

വ്യാധിയാണ്. അതിന് ഇതുവരെ ചികിത്സ കണ്ടെത്തിയിട്ടില്ല. അപ്പോൾ അതിനെ കൊല്ലുക തന്നെയാണ് വേണ്ടത്. കാരണം മനുഷ്യജീവൻ രക്ഷിക്കാൻ വേണ്ടിയാണല്ലോ അത് ചെയ്യുന്നത്. ജീവൻ രക്ഷിക്കുക എന്നത് ശരീഅത്തിന്റെ മഹത്തായ ലക്ഷ്യങ്ങളിൽ പെട്ടതാണ്. ജീവൻ രക്ഷിക്കുന്നതിന് ധനം സംരക്ഷിക്കുന്നതിനെക്കാൾ മുൻഗണന നൽകണം.

ഉപദ്രവം തടയുക എന്നതിന് മൂന്ന് അടിസ്ഥാന തത്ത്വങ്ങളുണ്ട്.

(i) പ്രതിരോധിക്കുക

ഉപദ്രവം സംഭവിക്കാതിരിക്കാനുള്ള എല്ലാ മുൻകരുതലുകളും സ്വീകരിക്കുക. നമ്മുടെ ഇപ്പോഴത്തെ അവസ്ഥയിൽ മൃഗത്തെ കൊല്ലുകയാണ് വേണ്ടത്. മാരകമായ രോഗാണുക്കൾ പേറുന്ന മൃഗമാണത്. അതോടൊപ്പം സമൂഹത്തെ ബോധവൽക്കരിക്കുകയും വേണം. അങ്ങനെ ഭരണകൂടങ്ങൾക്ക് ഇത്തരം ആപത്തുകളിൽനിന്ന് ജനങ്ങളെ രക്ഷിക്കാനും തങ്ങളുടെ ബാധ്യത നിർവഹിക്കാനും കഴിയൂ.

(ii) രോഗം തടയുക

ഇത് രോഗം വരുമ്പോൾ ചെയ്യേണ്ടതാണ്. അത് പരമാവധി ചെയ്യുകയും വേണം. ഇപ്പോഴത്തെ അവസ്ഥയിൽ രോഗം പരത്തുന്ന മൃഗത്തിൽനിന്ന് രക്ഷ നേടലാണ് വേണ്ടത്. രോഗം മൃഗത്തിൽനിന്ന് മനുഷ്യരിലേക്കും, മനുഷ്യരിൽനിന്ന് മനുഷ്യരിലേക്കും പകരുന്നത് തടയാനുള്ള മാർഗം സ്വീകരിക്കണം. രോഗം വരാതിരിക്കാനും പകരാതിരിക്കാനും സൂക്ഷ്മത കൈക്കൊള്ളാൻ ജനങ്ങളെ ബോധവൽക്കരിക്കുകയും വേണം.

(iii) രോഗം പിഴുത് മാറ്റുക

പ്രതിരോധത്തിന്റെയും തടയലിന്റെയും എല്ലാ മാർഗവും സ്വീകരിച്ചതിനുശേഷം അത് സംഭവിക്കുകയാണെങ്കിൽ ഉപദ്രവം കഴിയുന്നതും നീക്കം ചെയ്യാനും അതിന്റെ അവശിഷ്ടം പിഴുത് കളയാനും ശ്രമിക്കണം. പിന്നീട് അതൊരിക്കലും തിരിച്ചു വരരുത്.

ഇതിന്റെ അടിസ്ഥാനത്തിൽ ഭരണകൂടങ്ങൾ ഈ വിപത്തിൽനിന്ന് ജനങ്ങളെ രക്ഷിക്കാൻ വേണ്ടത് ചെയ്യണം. അതവരുടെ കടമയാണ്.

രണ്ട്: *നഷ്ടപരിഹാരം നൽകൽ*

ഈ മൃഗങ്ങൾ മുസ്‌ലിമിന്റെയോ അമുസ്‌ലിമിന്റെയോ ഉടമസ്ഥതയിലുള്ളതായിരിക്കും. അത് മുസ്‌ലിമിന്റെ ഉടമസ്ഥതയിലുള്ളതാണെങ്കിൽ അതിന് വില നിശ്ചയിക്കാൻ പാടില്ല. കാരണം അത് ധനമായി ശരീഅത്ത് അംഗീകരിക്കുന്നില്ല. അത് സ്വയം ഹറാമായ വസ്തുവാണ്. അതിനാൽ പന്നി വളർത്തുന്ന മുസ്‌ലിം കുറ്റക്കാരനും ശരീഅത്തിന് എതിര് പ്രവർത്തിക്കുന്നവനുമാണ്. പന്നി മാംസം ഭക്ഷിക്കുക, അതിന്റെ വില ഉപയോഗിക്കുക എന്നിവ ഹറാമാണെന്ന കാര്യത്തിൽ പണ്ഡിതന്മാർ ഏകാഭിപ്രായക്കാരാണ്.

അതു കാരണം മുസ്‌ലിം പന്നി വളർത്തുന്നത് തെറ്റാണ്. പന്നി വളർത്താൻ നിയമപരമായി കുറ്റവുമാണ്. അതുകൊണ്ട് പന്നിയുടെ ഉടമക്ക് നഷ്ടപരിഹാരം കൊടുക്കാൻ ഇസ്‌ലാമിക ഭരണകൂടത്തിന് അനുവാദമില്ല. എന്നല്ല, അയാൾ ഇസ്‌ലാമിന്റെ പവിത്രത കളങ്കപ്പെടുത്തിയതിന്റെ പേരിൽ ശിക്ഷാർഹനുമാണ്. ഭരണകൂടം അയാൾക്ക് അർഹമായ ശിക്ഷ കൊടുക്കണം.

ഇനി അത് അമുസ്‌ലിംകളുടെ ഉടമസ്ഥതയിലാണെങ്കിൽ ഭരണകൂടം അവർക്ക് നിയമപരമായി അതിനെ വളർത്താൻ അനുമതി നൽകുകയും ചെയ്തിട്ടുണ്ടെങ്കിൽ അവർക്ക് അർഹമായ നഷ്ടപരിഹാരം നൽകണം. കാരണം അപ്പോഴത് ഇസ്‌ലാമിക ശരീഅത്ത് അനുസരിച്ചു തന്നെ വില നിശ്ചയിക്കാവുന്ന വസ്തുവാണ്.

മൂന്ന്: *രോഗിയെ മാറ്റിപ്പാർപ്പിക്കുക*

രോഗിയെ മാറ്റിപ്പാർപ്പിക്കുക, മറ്റുള്ളവരുമായി കൂടിക്കലരാൻ അനുവദിക്കാതിരിക്കുക എന്നിവ വ്യക്തിയുടെയും സമൂഹത്തിന്റെയും ബാധ്യതയാണ്. ജീവൻ രക്ഷിക്കുക, ഉപദ്രവം തടയുക എന്നീ താൽപര്യങ്ങൾ മുൻനിർത്തി അതൊക്കെ ചെയ്യണം. ■

**വിവ: സി.കെ**

*(ഇസ്‌ലാം ഓൺലൈൻ നെറ്റ്)*